"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ച വരുന്ന ശ്രീ പി.പി. ജനാർദ്ദനൻ ഫയൽ ചെയ്ത OA (EKM) 1094/2018 നമ്പർ കേസിലെ വിധിന്യായം - കോടതി നിർദ്ദേശം പാലിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഐ.എ)വകുപ്പ്

G.O.(Rt)No.1193/2019/LSGD തീയതി,തിരുവനന്തപുരം, 11/06/2019

പരാമർശം:- 1 28/09/1998 ലെ സ.ഉ.(പി)നം. 32/98/P&ARD.

2 17/05/99 ലെ സ.ഉ.(പി)നം. 10/99/P&ARD.

3 13.08.2004 ലെ സ.ഉ.(എം.എസ്)നം. 267/2004/ എൽ.എസ്.ജി.ഡി.

4 ശ്രീ. പി.പി. ജനാർദ്ദനൻ 25/01/2017 ൽ സമർപ്പിച്ച നിവേദനം

5 OA (EKM) 1094/2018-ാം നമ്പർ കേസിലെ 28/06/2018 ലെ ഉത്തരവ്.

6 01/08/2018 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സി2/8555/2017 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം വികലാംഗനായ ശ്രീ പി.പി. ജനാർദ്ദനൻ മുതൽ 7 പേരെ 1200 - 2040 രൂപ ശമ്പള സ്കെയിലിൽ 179 ദിവസത്തേക്ക് താല്ക്കാലികമായി നിയമിക്കുകയുണ്ടായി. പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ജനാർദ്ദനൻ പി.പി. ഉൾപ്പെടെ 9 പേരെ ഉൾപ്പെടുത്തിക്കൊണ്ട് പുനർനിയമനം നടത്തുകയുണ്ടായി.

(2) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താല്ക്കാലിക നിയമനം ലഭിച്ച വികലാംഗർക്ക് പുനർനിയമനം നല്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ പി.പി. ജനാർദ്ദനന് കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് II തസ്തികയിൽ പുനർനിയമനം ലഭിക്കുകയും, പരാമർശം (3) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വികസന അതോറിറ്റിയിലെ ഭരണപരമായ അസൗകര്യം കാരണം നഗരസഭയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും നിലവിൽ സീനിയർ ക്ലാർക്കായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ തുടർന്നു വരികയും ചെയ്യുന്നു. 31/03/2007 ൽ കോഴിക്കോട് വികസന

അതോറിറ്റി പിരിച്ചുവിടുകയും ജീവനക്കാരെ കോഴിക്കോട് കോർപ്പറേഷന്റെ കീഴിലെ വികസന വിഭാഗത്തിലേക്ക് മാറ്റിനിയമിക്കുകയുമുണ്ടായെങ്കിലും ടി ജീവനക്കാരുടെ ശമ്പളത്തിൽ മാറ്റമുണ്ടായിട്ടില്ലെന്നും എന്നാൽ കോഴിക്കോട് വികസന അതോറിറ്റിയിൽ പുനർ നിയമിച്ചശേഷം പി.എസ്.സി. വഴി ഇതേ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടേയും ആശ്രിതനിയമനം മുഖേന നിയമിച്ചവരും കോഴിക്കോട് കോർപ്പറേഷനിൽ മാറി വന്നപ്പോൾ മുൻകാല സർവ്വീസ് നഷ്ടപ്പെടുകയോ ശമ്പളം കുറയുകയോ ചെയ്യിട്ടില്ലെന്നും ആയതുപോലെ ടിയാന്റെ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് ശമ്പള പരിഷ്കരണം സർവ്വീസ് സംരക്ഷണം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചു നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(3) കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് II തസ്തിക സർക്കാർ നിർത്തലാക്കിയതിനാൽ ടി ജീവനക്കാരെ ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യത്തിൽ കോഴിക്കോട് നഗരസഭയിലോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ മാറ്റി നിയമിക്കുകയോ അല്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ടി ജീവനക്കാരെ കോഴിക്കോട് വികസന അതോറിറ്റിയിൽ തന്നെയോ നിലനിർത്തണമെന്ന വികസന അതോറിറ്റി സെക്രട്ടറിയുടെ അപേക്ഷ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ അസി. ഗ്രേഡ് II തസ്തിക നിലവിലില്ലാത്തതിനാൽ ടി വകുപ്പിൽ ജൂനിയർ മോസ്റ്റ് എൽ.ഡി.ക്ലാർക്ക് ആയി ജോലി ചെയ്യാൻ സന്നദ്ധമാണെന്ന ടി ജീവനക്കാരുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അസി. ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്നവരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ മോസ്റ്റ് എൽ.ഡി.ക്ലാർക്ക് ആയി നിയമിക്കുകയുണ്ടായി. അപ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് II തസ്തികയിൽ നിയമിതരായ ശ്രീ. ജനാർദ്ദനൻ പി.പി. ഉൾ പ്പെടെയുള്ള 9 പേരേയും ജി.സി.ഡി.എ.യിൽ നിയമിതരായ 2 പേരും ഉൾപ്പെടെ ആകെ 11 പേരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ വിവിധ നഗരസഭകളിൽ നിയമിക്കുകയും ഇപ്പോൾ സീനിയർ ക്ലാർക്ക് തസ്തികയിൽ തുടർന്നുവരികയുമാണ്. ശ്രീ. ജനാർദ്ദനൻ പി.പി. യോടൊപ്പം കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരവേ, സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ജൂനിയർ മോസ്റ്റ് എൽ.ഡി.ക്ലാർക്കായി മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച 9 പേരിൽ ഒരാളായ വടകര നഗരസഭയിൽ ജോലി ചെയ്തു വരുന്ന ശ്രീ. ഇ. അബ്ദുൾ സലാം ഇപ്രകാരം ശമ്പളം സംരക്ഷിച്ചു കിട്ടുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നതും, ഡബ്ല്യൂ.പി.(സി) നം. 2528/2008 നം. കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 22/01/2008 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, ടിയാനെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സ്ഥിരമായി പുനർനിയമനം നല്കിയത് ടിയാന്റെ സമ്മതത്തോടുകൂടിയാണെന്നും; താഴ്ന്ന തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സമ്മതം നല്കിയശേഷം, ഉയർന്ന തസ്തികയിലെ ശമ്പളം പരിരക്ഷിച്ചു നല്കുന്നതിനുവേണ്ടി നല്കിയിരിക്കുന്ന അപേക്ഷ ചട്ട പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ ( ഇ . യു .) വകുപ്പിന്റെ 13.08.2009 ലെ സ . ഉ .( സാധാ ) നം . 2079/2009/ തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(4) ശ്രീ പി.പി. ജനാർദ്ദനൻ ഫയൽ ചെയ്ത OA (EKM) 1094/2018 നമ്പർ കേസിലെ ഉത്തരവ് പ്രകാരം ശ്രീ പി പി ജനാർദ്ദനന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ പി പി ജനാർദ്ദനനെ, കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് തസ്തിക നിർത്തലാക്കിയ സാഹചര്യത്തിൽ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലേക്ക് ജൂനിയർ മോസ്റ്റ് · എൽ.ഡി.ക്ലാർക്കായി ടിയാന്റെ

സമ്മതപത്രം വാങ്ങിയാണ് നിയമിച്ചിട്ടുള്ളത്. പുനർ നിയമനം ലഭിക്കുന്ന ഭിന്നശേഷിക്കാർക്ക് ജോലിയിൽ ചേർന്ന ദിവസം മുതൽ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നത് അതേ വകുപ്പിൽ അതേ തസ്തികയിൽ മാത്രമാണ്. കൂടാതെ കോഴിക്കോട് വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ പുനർ നിയമനം നല്കിയ ശേഷം പ്രസ്തുത തസ്തികയിൽ ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ ടിയാന്റെ സമ്മതത്തോടു കൂടിയാണ് മുൻസിപ്പൽ കോമൺ സർവീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയത്. താഴ്ന്ന തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സമ്മതം നൽകി നിയമനം ലഭ്യമാക്കിയ ശേഷം ഉയർന്ന തസ്തികയിലുണ്ടായിരുന്ന ശമ്പളം പരിരക്ഷിച്ചു നൽകുന്നതിനുള്ള ശ്രീ പി പി ജനാർദ്ദനന്റെ അപേക്ഷ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ശ്രീ പി പി ജനാർദ്ദനന്റെ അപേക്ഷ നിരസിച്ചുകൊണ്ടും ടിയാൻ ഫയൽ ചെയ്ത OA No. 1094/2018 കേസ്സിന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V.NAGENDRAN
DEPUTY SECRETARY

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ശ്രീ. പി.പി. ജനാർദ്ദനൻ, ആലഞ്ചേരി പറമ്പ, പെരുമണ്ണ പി.ഒ., കോഴിക്കോട് – 673 032

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ.&.പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ